കൺസൾട്ടന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ അദ്ധ്യാപകർക്ക് മാറ്റങ്ങൾക്കനുസൃതമായ ട്രെയിനിംഗ് നൽകി കലാനുസൃതമായ പരിഷ്കാരങ്ങൾ കൊണ്ടു വരാനും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ചുമതലകൾ എപ്രകാരം നിർവ്വഹിക്കുന്നു എന്ന് കാലാകാലം പരിശോധന നടത്താനും ക്ലറിക്കൽ സ്റ്റാഫിന് വേണ്ട ട്രെയിനിംഗ് നൽകാനും യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണികൾ, സ്കൂൾ പരിസര ശുചീകരണം തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ക്ഷേത്രങ്ങളിൽ തകിലും നാദസ്വരവും അനുവദിക്കുന്നതിനുള്ള നടപടി

225(433) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ധ്വജ പ്രതിഷ്ഠയും നിത്യശീവേലിയും ഇല്ലാത്ത ഏതെങ്കിലും ക്ഷേത്രത്തിൽ തകിലും നാദസ്വരവും അനുവദിച്ചിട്ടുണ്ടോ ;

(ബി) തിരുവിതാംകൂർ ദേവസ്വത്തിൽ തിരുവനന്തപുരം ഗ്രൂപ്പിൽപ്പെട്ട ത്രിവിക്രമംഗലം ക്ഷേത്രത്തിൽ നിത്യശീവേലി എഴുന്നള്ളിപ്പിനായി തകിലും നാദസ്വരവും വേണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;"

(സി) ധ്വജ പ്രതിഷ്ഠയും നിത്യശീവേലിയും ഇല്ലാത്ത വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിൽ തകിലും നാദസ്വരവും അനുവദിച്ചിട്ടുണ്ടോ ; ക്ഷേത്രാചാരങ്ങൾ പാലിക്കുന്നതിനുവേണ്ടി ത്രിവിക്ര മംഗലം ക്ഷേത്രത്തിൽ തകിലും നാദസ്വരവും അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ത്രിവിക്ര മംഗലം ക്ഷേത്രം വക അന്യാധീനപ്പെട്ട രണ്ടേക്കർ വസ്തു ഹൈക്കോടതി ഉത്തരവിലൂടെ ദേവസ്വത്തിന്റേതാക്കി മാറ്റുവാൻ സാധിച്ചിട്ടുണ്ടോ ; പ്രസ്തുത വസ്തുവിൽ നിന്നും എന്തെങ്കിലും ആദായം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ ദേവസ്വത്തിന് ആദായം ലഭിക്കുന്ന കൃഷിയും മറ്റ് പദ്ധതികളും അവിടെ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത്തരം ക്ഷേത്രങ്ങളിൽ തകിൽ, നാദസ്വരം ലാവണങ്ങൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ധ്വജപ്രതിഷ്ഠയും നിത്യ ശീവേലിയും ഇല്ലാത്ത ക്ഷേത്രങ്ങളിൽ തകിൽ, നാദസ്വരം, ലാവണങ്ങൾ, നിലവിലുണ്ട്. അപ്രകാരമുള്ള ക്ഷേത്രങ്ങളിലെ വരുമാനം സംബന്ധിച്ച് പ്രത്യേകമായി ഒരു പരിശോധന നടത്തിയിട്ടില്ല. ക്ഷേത്ര ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് പരിശോധിക്കുന്ന വേളയിൽ പ്രസ്തുത ദേവസ്വത്തിന്റെ ആവശ്യവും പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) ത്രിവിക്രമ മംഗലം ദേവസ്വം വക മുടവൻമുകളിലുള്ള വസ്തുവിലെ കൈയ്യേറ്റം ഹൈക്കോടതി ഉത്തരവിലൂടെ ഒഴിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇവിടെ തെങ്ങിൽ നിന്നും മറ്റ് ഫലവൃക്ഷങ്ങളിൽ നിന്നും ആദായം ലഭിക്കുന്നുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

226 (434) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ എത്ര ക്ഷേത്രങ്ങളുണ്ട് ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ സാമ്പത്തികമായി സ്വയംപര്യാപ്തമായ ക്ഷേത്രങ്ങൾ ഏതെല്ലാമാണ് ;

(സി) പ്രസ്തുത ക്ഷേത്രങ്ങളുടെ വാർഷിക അറ്റകുറ്റപ്പണിയുടെ ചുമതല നിക്ഷിപ്തമായിരിക്കുന്നത് ആരിലാണ് ;

(ഡി) സാമ്പത്തികമായി സ്വയം പര്യാപ്തമല്ലാത്ത ക്ഷേത്രങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി ദേവസ്വം ബോർഡിന്റെ ചെലവിൽ ചെയ്യുന്നതിനു വേണ്ട അനന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 1206 ക്ഷേത്രങ്ങൾ

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) അതാതു ക്ഷേത്രങ്ങളിലെ ഉപദേശക സമിതി നിർവ്വഹിക്കണമെന്നുള്ളതാണ് ദേവസ്വം ബോർഡിന്റെ നിലവിലെ തീരുമാനം.

(ഡി) ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക നിലയനുസരിച്ച് ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ക്ഷേത്രങ്ങളിലെ അത്യാവശ്യം മരാമത്ത് പണികൾ ബോർഡ് ചെയ്യുന്നുണ്ട്.

മലബാർ ദേവസ്വം ബോർഡിനു കീഴിൽ പെൻഷൻ അനുവദിച്ചവരുടെ വിശദവിവരം

227(435) <u>ശ്രീ. സി. കെ. പി. പത്മനാഭൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി രൂപീകരിച്ച മലബാർ ദേവസ്വം ബോർഡിൽ എത്ര ക്ഷേത്രങ്ങൾ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly